.sahakary.org

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സഹകരണ പരീക്ഷാബോർഡ് വഴി സഹകരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന നിയമനങ്ങൾക്ക് പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (EWS) ഉയർന്ന പ്രായപരിധിയിൽ മൂന്നു വർഷം വയസ്സിളവ് നൽകുന്ന നിർദ്ദേശം അംഗീകരിച്ചും ശ്രീ.രാജേഷ് ടി. ആർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4647/22 ലുള്ള വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 593/2022/സഹ തീയതി, തിരുവനന്തപുരം, 01/09/2022**

---

പരാമർശം:- 1. 03/01/2020 ലെ ജി.ഒ.(പി) നം.01/2020/പി ആൻഡ് എ.ആർ.ഡി നമ്പർ ഉത്തരവ്.

2. 23/10/2020 ലെ ജി.ഒ.(പി) നം.14/2020/പി ആൻഡ് എ.ആർ.ഡി നമ്പർ ഉത്തരവ്.
3. ശ്രീ. രാജേഷ് ടി. ആർ 17/01/2022 തീയതിയായി ബഹു. സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.
4. ശ്രീ. രാജേഷ് ടി. ആർ 17/01/2022 തീയതിയായി ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച നിവേദനം.
5. ശ്രീ. രാജേഷ് ടി. ആർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4647/2022 മേലുള്ള ബഹു.ഹൈക്കോടതിയുടെ 22/02/2022 ലെ വിധിന്യായം.
6. സഹകരണ സംഘം രജിസ്ട്രാറുടെ 22/02/2022 ലെ ഇ.എം(2)1761/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സഹകരണ പരീക്ഷാബോർഡ് വഴി സഹകരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും അനുവദിക്കുന്നതുപോലെ ഉയർന്ന പ്രായപരിധിയിലെ ഇളവ് പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രാജേഷ് ടി.ആർ ബഹു. സഹകരണ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ മുമ്പാകെ പരാമർശം 3,4 പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. കേരള സഹകരണ സംഘം ആക്റ്റ് പ്രകാരമുള്ള നിയമനങ്ങളിൽ EWS വിഭാഗങ്ങൾക്ക് റിസർവേഷൻ അനുവദിക്കുന്നതിനും, പരാമർശം 3,4 അപേക്ഷകളിലെ ആവശ്യം നടപ്പാക്കുന്നതിനും ആവശ്യമായ ഉത്തരവ് സർക്കാരിന് നൽകണമെന്നഭ്യർത്ഥിച്ച് ശ്രീ.രാജേഷ് ടി.ആർ

.sahakary.org

WP(C) 4647/2022 നമ്പറായി ബഹു.ഹൈക്കോടതി മുമ്പാകെ കേസും ഫയൽ ചെയ്തു. ടി കേസ്സിന്റെ പരാമർശം(5) വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

*" .... There will be a direction to the 1st respondent to take up consider and pass appropriate orders on Exhibit P4 representation after affording an opportunity of being heard, either physically or virtually to the petitioner herein or his authorised representative.*

*Orders as directed above, shall be passed expeditiously, in any event, within a period of two months from the date of production of a copy of this judgment. ...."*

2) ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം Exhibit P4 (ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച നിവേദനം) അപേക്ഷ തീർപ്പ് കൽപ്പിക്കുന്നതിനായി സഹകരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 05/04/2022 ന് അപേക്ഷകന്റെ പ്രതിനിധിയേയും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ പ്രതിനിധികളേയും നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകന്റെ പ്രതിനിധിയായി ഹാജരായ ശ്രീ.കെ.ജി.വേണുഗോപാലൻ അപേക്ഷകന്റെ താഴെ പറയും പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി.

*" കേരള സഹകരണ പരീക്ഷാബോർഡ് നടത്തുന്ന പരീക്ഷകളിൽ ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10% സംവരണവും പ്രായപരിധിയിൽ അഞ്ച് വയസ്സ് ഇളവും ഉണ്ട്. ഒ.ബി.സി വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രായപരിധിയിൽ രണ്ട് വയസ്സ് ഇളവും അനുവദിച്ചിട്ടുണ്ട്. 103-ാം ഭരണഘടനാ ഭേദഗതി പ്രകാരം 10% സംവരണം അനുവദിച്ചിട്ടുള്ള EWS വിഭാഗങ്ങൾക്ക് യാതൊരു ആനുകൂല്യവും കേരള സഹകരണ പരീക്ഷാബോർഡ് നടത്തുന്ന പരീക്ഷകളിൽ നൽകുന്നില്ല. ആ വിഭാഗങ്ങൾക്ക് ഇളവ് ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി, കേരള സഹകരണ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർക്ക് നിവേദനം സമർപ്പിച്ചിരുന്നു. അതിനെ തുടർന്ന് ബഹു. കേരള ഹൈക്കോടതിയിൽ WP(C) 4647/2022 നമ്പറായി ഒരു ഹർജിയും ഫയൽ ചെയ്തിരുന്നു. ആ ഹർജിയിലെ വിധി പ്രകാരം നടത്തപ്പെടുന്ന ഈ ഹിയറിംഗിലും ബഹു. കേരള മുഖ്യമന്ത്രി, കേരള സഹകരണ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർക്ക് നൽകിയ നിവേദനത്തിൽ പറയുന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. ബഹു. കേരള ഹൈക്കോടതിയിലും മേൽ നിവേദനങ്ങളിൽ പറഞ്ഞ കാര്യങ്ങളാണ് ആവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട്* ***എന്റെ ആവശ്യമായ കേരള സഹകരണ പരീക്ഷാബോർഡ് വഴി നടത്തുന്ന പരീക്ഷകളിൽ മറ്റു സംവരണ വിഭാഗങ്ങളെപ്പോലെ EWS വിഭാഗങ്ങൾക്കും ഇളവുകൾ നൽകണമെന്ന് വീണ്ടും അപേക്ഷിക്കുന്നു. അപേക്ഷ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു".***

3) അപേക്ഷകനെ നേരിൽ കേട്ടതിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ ചട്ടം 183 (1) ലെ വ്യവസ്ഥ പ്രകാരം സഹകരണ

.sahakary.org

സംഘങ്ങളിലെ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ച് വർഷത്തെ ഇളവും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് (OBC) മൂന്ന് വർഷത്തെ ഇളവും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഇളവുകളൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. 2019-ലെ 103-ാം ഭരണഘടന ഭേദഗതിയെ തുടർന്ന് പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നടപ്പാക്കുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച റിട്ട. ജസ്റ്റിസ് കെ. ശശിധരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കികൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Exhibit P4 അപേക്ഷയിലെ പ്രധാന ആവശ്യം സഹകരണ സംഘങ്ങളിലെ നിയമനങ്ങൾക്ക് OBC വിഭാഗങ്ങൾക്ക് നൽകുന്ന ഉയർന്ന പ്രായപരിധിയിലെ ഇളവ് പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (EWS) വിഭാഗങ്ങൾക്കും അനുവദിക്കണമെന്നതാണ്.

4) ഭരണഘടന ഭേദഗതി പ്രകാരം 10% സംവരണം EWS ന് അനുവദിച്ച സാഹചര്യം പരിഗണിച്ച്, സഹകരണ ചട്ടം 183 (1) പ്രകാരം OBC വിഭാഗങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള പ്രായപരിധിയിലെ ഇളവ്, സഹകരണ പരീക്ഷാ ബോർഡ് വഴി നടത്തുന്ന പരീക്ഷകൾക്ക് പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) തത്വത്തിൽ അംഗീകരിച്ച് ഉത്തരവാകുന്നു.

5) സഹകരണ ചട്ടം 183(1) പ്രകാരമാണ് വയസ്സിളവ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ EWS ന് വയസ്സിളവ് അനുവദിക്കുന്നതിനുള്ള ചട്ട ഭേദഗതി പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

6) ബഹു. ഹൈക്കോടതിയുടെ പരാമർശം അഞ്ച് വിധിന്യായം പാലിച്ചും ശ്രീ. രാജേഷ് ടി. ആർ സമർപ്പിച്ച പരാമർശം 3, 4 അപേക്ഷകൾ തീർപ്പാക്കിയും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എസ്. രാജേഷ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
3. ശ്രീ. രാജേഷ് ടി. ആർ, തേക്കിൻകാട്ടിൽ, കടമ്പഴിപ്പുറം, ഒറ്റപ്പാലം,
   പുലാപ്പറ്റ പി. ഒ., പാലക്കാട് 678 632.
4. സെക്രട്ടറി, സഹകരണ പരീക്ഷാബോർഡ്, തിരുവനന്തപുരം.

.sahakary.org

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരള, തിരുവനന്തപുരം.
6. കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ